**15 -ാം കേരള നിയമസഭ**

**10 -ാം സമ്മേളനം**

**നക്ഷത്രചിഹ്നമിട്ട ചോദ്യം നം. 213** **14-02-2024 - ൽ മറുപടിയ്ക്ക്**

**ഇൻസ്റ്റിറ്റ്യൂട്ട് ഓഫ് പാർലമെന്ററി അഫയേഴ്സ് നടത്തുന്ന പ്രവർത്തനങ്ങൾ**

| ചോദ്യം | | ഉത്തരം | |
|---|---|---|---|
| ഡോ. കെ. ടി. ജലീൽ,<br>ശ്രീ. കെ. എം. സച്ചിൻദേവ്,<br>ശ്രീ. ഐ. ബി. സതീഷ്,<br>ശ്രീമതി കാനത്തിൽ ജമീല | | ശ്രീ. കെ. രാധാകൃഷ്ണൻ<br>(പട്ടികജാതി, പട്ടികവർഗ്ഗ, പിന്നാക്ക വിഭാഗക്ഷേമവും ദേവസ്വവും പാർലമെന്ററികാര്യവും വകുപ്പ് മന്ത്രി) | |
| (എ) | രാഷ്ട്ര പുനർനിർമ്മാണത്തിന്റെ ഭാഗമായി ജനാധിപത്യ മൂല്യങ്ങളോട് കൂറ് പുലർത്തുന്ന യുവതലമുറയെ വാർത്തെടുക്കുക എന്ന പ്രഖ്യാപിത ലക്ഷ്യം സാക്ഷാൽക്കരിക്കുന്നതിന് ഇൻസ്റ്റിറ്റ്യൂട്ട് ഓഫ് പാർലമെന്ററി അഫയേഴ്സ് നടത്തുന്ന പ്രവർത്തനങ്ങൾ വിശദമാക്കാമോ; | (എ) | രാഷ്ട്രപുനർനിർമ്മാണത്തിന്റെ ഭാഗമായി ജനാധിപത്യ മൂല്യങ്ങളോട് കൂറ് പുലർത്തുന്ന യുവതലമുറയെ വാർത്തെടുക്കുന്നതിനും, പൗരബോധവും, ജനാധിപത്യ മൂല്യങ്ങളും വിദ്യാർത്ഥികളിൽ വളർത്തുന്നതിനും, സാമൂഹ്യനീതിയിൽ അധിഷ്ഠിതമായ ഇന്ത്യൻ ഭരണഘടനയെയും പാർലമെന്ററി ജനാധിപത്യ സംവിധാനത്തെയും കുറിച്ച് സ്കൂൾ, കോളേജ് വിദ്യാർത്ഥികൾക്കുള്ള അവബോധം വർദ്ധിപ്പിക്കുന്നതിനുമായി സംസ്ഥാനത്തെ സർക്കാർ, എയ്ഡഡ് മേഖലകളിലുള്ള സ്കൂളുകളിലും കോളേജുകളിലും ഫോറം ഫോർ ഡെമോക്രസി ആന്റ് സോഷ്യൽ ജസ്റ്റിസ് (FDSJ) അഥവാ ജനാധിപത്യത്തിനും സാമൂഹ്യനീതിക്കുമായുള്ള വേദി രൂപീകരിച്ച് വിവിധ പരിപാടികൾ നടപ്പാക്കി വരുന്നു.<br>സ്കൂൾതല യൂത്ത് പാർലമെന്റ് മത്സരങ്ങൾ, കോളേജ്തല മോഡൽ പാർലമെന്റ് മത്സരങ്ങൾ, ദേശീയ സെമിനാറുകൾ, പ്രഭാഷണങ്ങൾ, ശിൽപശാലകൾ, ക്വിസ്-ഉപന്യാസ - പ്രസംഗ മത്സരങ്ങൾ, ഭരണഘടനാദിനാഘോഷം, മികച്ച സ്റ്റുഡന്റ് പാർലമെന്റേറിയന്മാർക്കുള്ള ക്യാമ്പ് തുടങ്ങിയവയും ഇൻസ്റ്റിറ്റ്യൂട്ട് സംഘടിപ്പിച്ച് വരുന്നു. 'സ്റ്റുഡന്റ്സ് സഭ'യും അതുമായി ബന്ധപ്പെട്ട ജനകീയ സർവ്വേകളും, ജേർണലുകളുടെ പ്രസിദ്ധീകരണം, ഇന്റേൺഷിപ്പ് എന്നിവയും ഇൻസ്റ്റിറ്റ്യൂട്ട് നടപ്പിലാക്കി വരുന്ന പ്രവർത്തനങ്ങളാണ്. |
| (ബി) | ഭരണഘടനയും പാർലമെന്ററി ജനാധിപത്യവും വെല്ലുവിളിക്കപ്പെടുന്ന കാലത്ത് സാമൂഹിക, രാഷ്ട്രീയ, അക്കാദമിക വിദഗ്ധരെയും സാധാരണ ജനവിഭാഗത്തെയും കൂട്ടിച്ചേർക്കുന്ന കണ്ണിയായി | (ബി) | ഭരണഘടനയും പാർലമെന്ററി ജനാധിപത്യവും സംരക്ഷിക്കേണ്ടതിന്റെ പ്രാധാന്യം വിദ്യാർത്ഥികളിലും സാധാരണ ജനവിഭാഗങ്ങളിലും എത്തിക്കുന്നതിനായി ദേശീയ/അന്തർ ദേശീയ സെമിനാറുകൾ, |

| | | | |
|---|---|---|---|
| | മാറുവാൻ ഇൻസ്റ്റിറ്റ്യൂട്ടിന് കഴിഞ്ഞിട്ടുണ്ടോ; എങ്കിൽ വിശദമാക്കുമോ; | | പ്രഭാഷണങ്ങൾ, ശിൽപശാലകൾ, ജേർണൽ പബ്ലിക്കേഷൻ, ഉപന്യാസ-ക്വിസ്സ്-പ്രസംഗ മത്സരങ്ങൾ, 'സ്റ്റുഡന്റ്സ് സഭ'യുടെ ഭാഗമായ ജനകീയ സർവ്വേകൾ എന്നിവയിലൂടെ സാമൂഹിക രാഷ്ട്രീയ അക്കാദമിക വിദഗ്ധരെയും സാധാരണ ജനങ്ങളെയും കൂട്ടിയിണക്കുന്ന കണ്ണിയായി മാറുവാൻ ക്രിയാത്മകമായ പരിശ്രമം പാർലമെന്ററികാര്യ ഇൻസ്റ്റിറ്റ്യൂട്ട് നടത്തി വരുന്നു. |
| (സി) | പൗരബോധവും ജനാധിപത്യ മൂല്യങ്ങളും ഉയർത്തിപ്പിടിക്കുന്ന വിദ്യാർത്ഥി സമൂഹത്തെ വാർത്തെടുക്കുന്നതിനും ആരോഗ്യകരമായ ജനാധിപത്യ സംവിധാനം രൂപപ്പെടുത്തുന്നതിനും വിദ്യാഭ്യാസ മേഖലയുമായി ബന്ധപ്പെട്ട് നടത്തിവരുന്ന പ്രവർത്തനങ്ങൾ എന്തെല്ലാമാണ്; വിശദമാക്കാമോ; | (സി) | സംസ്ഥാനത്തെ സ്കൂളുകളിലും കോളേജുകളിലും 2022-23 അധ്യയന വർഷം മുതൽ ഇൻസ്റ്റിറ്റ്യൂട്ട് ഓഫ് പാർലമെന്ററി അഫയേഴ്സിന്റെ കീഴിൽ ആരംഭിച്ച വേദിയാണ് ജനാധിപത്യത്തിനും സാമൂഹികനീതിക്കുമായുള്ള വേദി അഥവാ ഫോറം ഫോർ ഡെമോക്രസി ആന്റ് സോഷ്യൽ ജസ്റ്റിസ് (FDSJ). നിലവിൽ സംസ്ഥാനത്തെ 66 കോളേജുകളിലും 208 സ്കൂളുകളിലും എഫ്.ഡി.എസ്.ജെ രൂപീകരിച്ചിട്ടുണ്ട്. എഫ്.ഡി.എസ്.ജെയുടെ നേതൃത്വത്തിൽ നടപ്പാക്കി വരുന്ന പ്രവർത്തനങ്ങൾ (എ) പിരിവിൽ പരാമർശിച്ചിട്ടുണ്ട്.<br><br>സംസ്ഥാനത്തെ നിയമസഭാ നിയോജക മണ്ഡലങ്ങളിലെ ജനകീയ വിഷയങ്ങളെയും വികസന പ്രക്രിയകളെയും വിദ്യാർത്ഥി സമൂഹവുമായി അടുപ്പിക്കുന്നതിന് ആവിഷ്കരിച്ചിട്ടുള്ള 'സ്റ്റുഡന്റ്സ് സഭ', തദ്ദേശസ്വയംഭരണം, ഉന്നതവിദ്യാഭ്യാസം, പൊതുവിദ്യാഭ്യാസം വകുപ്പുകളുടെ സഹകരണത്തോടെയാണ് സംഘടിപ്പിക്കുന്നത്. സംസ്ഥാനത്ത് ആദ്യമായി ചേലക്കര നിയോജക മണ്ഡലത്തിൽ 400-ൽ അധികം വിദ്യാർത്ഥികളെ പങ്കെടുപ്പിച്ചു-കൊണ്ട് പൈലറ്റ് പ്രോഗ്രാം എന്ന നിലയിൽ 'സ്റ്റുഡന്റ്സ് സഭ' സംഘടിപ്പിച്ചിട്ടുണ്ട്. |
| (ഡി) | ജനപ്രതിനിധികൾക്കായി പ്രത്യേക പാർലമെന്ററി പഠന പ്രവർത്തനങ്ങൾ സംഘടിപ്പിക്കാറുണ്ടോ; വ്യക്തമാക്കാമോ? | (ഡി) | ജനാധിപത്യത്തിന്റെ അടിത്തറയായി വർത്തിക്കുന്ന തദ്ദേശസ്വയംഭരണ സ്ഥാപനങ്ങളുടെ ഭരണകാര്യക്ഷമത വർദ്ധിപ്പിക്കുന്നതിനായി പാർലമെന്ററികാര്യ ഇൻസ്റ്റിറ്റ്യൂട്ട് വനിതാ ജില്ലാ പഞ്ചായത്ത് അംഗങ്ങൾക്കും, ഗ്രാമപഞ്ചായത്ത് പ്രസിഡന്റുമാർക്കുമായി ഏകദിന ശിൽപശാലകൾ സംഘടിപ്പിച്ചിരുന്നു. പാർലമെന്റ് - നിയമസഭാ - ത്രിതല പഞ്ചായത്ത് ജനപ്രതിനിധികൾക്കായി പ്രത്യേക പാർലമെന്ററി പഠന പ്രവർത്തനങ്ങൾ സംഘടിപ്പിക്കുന്നത് പരിഗണനയിലാണ്. |

സെക്ഷൻ ഓഫീസർ